പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*625 — 02.04. 2018 ൽ മറുപടിക്ക്

## വൈദ്യുതി ഉപഭോക്താക്കളെ ഇ-മെയിൽ / എസ്.എം.എസ്. മുഖേന വിവരങ്ങൾ അറിയിക്കൽ

ചോദ്യം

ശ്രീ.ബി.ഡി.ദേവസ്സി

"പുരുഷൻകടലുണ്ടി

"യു.ആർ.പ്രദീപ്

" എം.മുകേഷ്.

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്തെ വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായിവിവരസാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയ എന്തെല്ലാംപദ്ധതികൾക്കാണ് കെ.എസ്.ഇ.ബി. ആരംഭം കുറിച്ചിട്ടുള്ളത്; | (എ)വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിലുള്ള താഴെപ്പറയുന്ന പദ്ധതികൾക്ക് കെ.എസ്.ഇ.ബി.ലിമിറ്റഡ് ആരംഭംകുറിച്ചിട്ടുണ്ട്.<br>1. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം.<br>2. ഉപഭോക്താക്കൾക്ക് ഏതു സെക്ഷനാഫീസിലും വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം.<br>3. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം.<br>4. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക്, ഫെഡറൽ ബാങ്ക്, കാനറ ബാങ്ക്, ഐ.സി.ഐ.സി. ബാങ്ക് എന്നീ ബാങ്കുകൾ മുഖേന ഡയറക്ട് നെറ്റ് ബാങ്കിംഗ് ഉപയോഗിച്ച് സർവ്വീസ് ചാർജ്ജില്ലാതെ വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം.<br>5. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ കേന്ദ്രീകൃത കാൾസെന്ററിൽ രേഖപ്പെടുത്താനുള്ള '1912' എന്ന ടോൾ ഫ്രീ സംവിധാനം.<br>6. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ് മുഖേന എത്തിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി.<br>7. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്. മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.<br>8. പുതിയ കണക്ഷനു വേണ്ടി ഉപഭോക്താക്കളിൽ നിന്നു ഓൺ |

| | |
|---|---|
| | ലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.<br>9. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ..<br>10. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.<br>11. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി.പദ്ധതിയുടെ\പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെററ് വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻ വേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫോർമേഷൻ സിസ്റ്റം) ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ.<br>12. മാനവശേഷി വിഭാഗം, മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗം, അക്കൗണ്ടിംഗ് എന്നിവയുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീയാക്കി.<br>13. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ഉള്ള സ്കാഡ പദ്ധതി നടപ്പിലാക്കി വരുന്നു.<br>14. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനു വേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തി വരുന്നു.<br>15. വൈദ്യുതി ബിൽതുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി. യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പെയ് മെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പിലാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി. |

16. പേ.റ്റി.എം (പേ ത്രൂ മൊബൈൽ) എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

17. അപ്പാ സി.എസ്.സി എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏതു ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

18. കെ.എസ്.ഇ.ബി.ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസിലില്ലാ-

ത്തപ്പോൾ പോലും ഉപഭോക്തൃ സേവനത്തിനു വേണ്ടിയും മറ്റൗദ്യോഗികാവശ്യങ്ങൾക്ക് വേണ്ടിയും ഒരുമാനെറ്റ് ബില്ലിംഗ് സോഫ്റ്റ് വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

19. കേരളത്തിൽ 6 കേന്ദ്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന 24 മണിക്കൂറും വൈദ്യുതി തുക സ്വീകരിക്കുന്ന ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ.

20. Whats App എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം. റിപ്പോർട്ടിംഗ് ടൂൾ എന്ന സോഫ്റ്റ് വെയർ സംവിധാനം.

21. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ് വെയർ സംവിധാനം.

വൈദ്യുതി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭിക്കുന്നതിനായി വിവര സാങ്കേതിക വിദ്യാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് പുതിയതായി തുടക്കം കുറിയ്ക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനത്തിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ തുടർച്ചയായി വിതരണമേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജവികസന) പദ്ധതി പ്രകാരം 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതിക വിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള

| | |
|---|---|
| | ഫേസ് -2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നു വരുന്നു.<br>2. കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിൽ വരുത്തുന്നത് വഴി കെ.എസ്.ഇ.ബി. യുടെ കാര്യ നിർവ്വഹണത്തിൽ ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തുന്നതിനു കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.<br>3. ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതിപ്രകാരം 63 ഐ.പി.ഡി.എസ്.പട്ടണങ്ങളിലെ 200 യൂണിറ്റിന് മുകളിൽ പ്രതിമാസ ഉപഭോഗം ഉള്ള 6 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചു കൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു. |
| (ബി) വൈദ്യുതി തടസ്സങ്ങൾ ഉപഭോക്താക്കളെ എസ്.എം.എസ്. വഴി മുൻകൂട്ടി അറിയിക്കുന്നതിന് 'ഊർജ്ജ ദൂത്' പദ്ധതിനടപ്പിലാക്കിയിട്ടുണ്ടോ; | (ബി) വൈദ്യുതി തടസ്സങ്ങൾ, വൈദ്യുതി പുനസ്ഥാപിക്കുന്ന സമയം, ഇവ ഉപഭോക്താക്കളെ എസ്.എം.എസ്.വഴി മുൻകൂട്ടി അറിയിക്കുന്നതിനുള്ള ഊർജ്ജ ദൂത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി ശൃംഖലയിൽ മുൻകൂട്ടി ആസൂത്രണം ചെയ്യുന്ന ചില അറ്റകുറ്റപണികൾ മൂലം ഉണ്ടാകുന്ന വൈദ്യുതി തടസ്സങ്ങൾ അപ്രകാരവും, അടിയന്തിര ഘട്ടങ്ങളിൽ ഉണ്ടാകുന്നവ അതേ സമയത്തും ഉപഭോക്താക്കളെ ഊർജ്ജ ദൂത് പദ്ധതി വഴി അറിയിക്കുന്നു. ഏതാണ്ട് 85 ലക്ഷത്തോളം ഉപഭോക്താക്കൾ ഈ സേവനം ഉപയോഗപ്പെടുത്തുന്നു. |
| (സി) വൈദ്യുതി ബില്ലിന്റെ തുക, അടക്കേണ്ട തീയതി മുതലായവ ഇ-മെയിൽ വഴിയും എസ്.എം.എസ്.മുഖേനയും അറിയിക്കുന്ന 'ഊർജ്ജ സൗഹൃദ്' ബിൽ വിവര സംവിധാനത്തിന്റെ വിശദാംശങ്ങൾ നൽകുമോ? | (സി) ബിൽതുക, അടയ്ക്കേണ്ട തീയതി, ബിൽ അടയ്ക്കാൻ വൈകിയാലുള്ള മുന്നറിയിപ്പുകൾ മുതലായ വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., ഇ-മെയിൽ എന്നിവ മുഖേന ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതിയാണ് ഊർജ്ജ സൗഹൃദ ബിൽ വിവര സംവിധാനം ഏതാണ്ട് 85 ലക്ഷത്തോളം ഉപഭോക്താക്കൾ ഈ സേവനം ഉപയോഗപ്പെടുത്തുന്നു. |

സെക്ഷൻ ഓഫീസർ